ഓരോ സപ്ലയറും മരുന്നു വിതരണത്തോടൊപ്പം, അംഗീകൃത ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയ സർട്ടിഫിക്കറ്റ് (പ്രീ ക്വാളിഫിക്കേഷൻ സർട്ടിഫിക്കറ്റ്) സഹിതമാണ് മരുന്നുവിതരണം നടത്തേണ്ടത്. ഓരോ സാമ്പിളിനും ഈ സർട്ടിഫിക്കറ്റ് നിഷ്ക്കർഷിച്ചിട്ടുണ്ട്.

ഇതിനു പുറമെ മരുന്നുകളുടെ ഇടവിട്ടുള്ള ഗുണനിലവാര പരിശോധനയും നടത്തുന്നതാണ്. മരുന്നിന്റെ റിലീസ് ഗുണനിലവാരം ഉറപ്പാക്കിയശേഷം മാത്രമേ നൽകുകയുള്ളൂ.

(ഡി) ഇല്ല.

(ഇ) ഉണ്ട്. ഒരു കമ്പനി വിതരണം ചെയ്യുന്ന മരുന്നിന്റെ ഏതെങ്കിലും ബാച്ച് ഗുണനിലവാരം ഇല്ലാത്തതാണെന്നു കണ്ടെത്തിയാൽ ആ ബാച്ചിന്റെ ഉപയോഗം തടയുകയും ഗുണനിലവാരമുള്ള മരുന്ന് മറ്റു കമ്പനികളിൽ നിന്നും വാങ്ങുകയും വിലയിലുണ്ടാകുന്ന വ്യത്യാസം ഗുണനിലവാരം കുറഞ്ഞ മരുന്ന് വിതരണം ചെയ്ത കമ്പനിയിൽ നിന്നു ഈടാക്കാനും വ്യവസ്ഥയുണ്ട്. തുടർന്ന് ഗുണനിലവാരം കുറഞ്ഞ മരുന്നു വിതരണം ചെയ്ത കമ്പനിയെ ബ്ലാക്ക് ലിസ്റ്റ് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്. ഗുണനിലവാരം കുറഞ്ഞ മരുന്നിന്റെ തുക കമ്പനിക്കു നൽകുന്നതല്ല.

(എഫ്) ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിതരണം ചെയ്ത കമ്പനികളിൽ നിന്നും പ്രസ്തുത ബാച്ചിന്റെ മുഴുവൻ തുകയും ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ശേഖരിച്ച് നൽകുന്നതാണ്.

**പി. എസ്. സി. മുഖേന നിയമനം നടത്താൻ നടപടി**

*18 [17] *ശ്രീ. വി. ചെന്താമരാക്ഷൻ:*
,, *എം. വി. ജയരാജൻ:*
,, *ടി. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. മുഖേന നിയമനം നടത്താൻ നിയമം നിർമ്മിച്ചിട്ടും സംസ്ഥാനത്തെ 22-ൽ പരം സ്ഥാപനങ്ങൾ നേരിട്ട് നിയമനം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം നിയമനം നടത്തുന്ന സ്ഥാപനങ്ങളുടെ മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) പി. എസ്. സി. ആവശ്യപ്പെട്ടിട്ടും നിയമന ചട്ടങ്ങൾ തയ്യാറാക്കി പി. എസ്. സി. യെ അറിയിക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കി അതത് സ്ഥാപനങ്ങൾ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യണമെന്ന് പി. എസ്. സി. ആവശ്യപ്പെട്ടിട്ടും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അധികാരികൾ റിപ്പോർട്ടു ചെയ്യുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കിയോ എന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ)—(ഡി) ചോദ്യത്തിൽ സൂചിപ്പിച്ചിട്ടുള്ള 22-ൽ പരം സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കിയിട്ടില്ല. നിയമന കാര്യങ്ങൾ പി. എസ്. സി.യുമായി ആലോചിക്കണമെന്ന് നിയമം പാസ്സാക്കിക്കഴിഞ്ഞാൽ നിയമനചട്ടങ്ങൾ തയ്യാറാക്കുന്നതിന് അനുവർത്തിക്കേണ്ട നടപടി ക്രമങ്ങൾ പൂർത്തിയാക്കാൻ കുറച്ചു സമയം എടുക്കും. അതിനു ശേഷം ഒഴിവുകൾ പി. എസ്. സി. ക്കു റിപ്പോർട്ടു ചെയ്തു തുടങ്ങുന്നതാണ്.

(ഇ) അതാത് സ്ഥാപനങ്ങളുടെ സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകൾ ഈ കാര്യത്തിൽ നടപടി എടുക്കുന്നുണ്ട്.

**കെട്ടിട നികുതി നിശ്ചയിക്കുന്നതിന് പുതിയ മാനദണ്ഡം**

*19 [18] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന കെട്ടിട നികുതി നിശ്ചയിക്കുന്നതിന് പുതിയ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മാനദണ്ഡത്തിന്റേയും നികുതി ഘടനയുടേയും വിശദാംശം വെളിപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):*

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയ്ക്ക് 1999-ൽ വരുത്തിയ ഭേദഗതി പ്രകാരം പ്ലിന്ത് ഏരിയ കണക്കാക്കി കെട്ടിട നികുതി നിർണ്ണയിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അവ നടപ്പാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

(ബി) ബാധകമല്ല.



LIBRARY ARCHIVES Kerala Legislative Assembly